# ജില്ല സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

മാധ്യമം

**വളാഞ്ചേരി:** ഏഴാമത് ജില്ല സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് ജനുവരി 28ന് വളാഞ്ചേരി ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്. എസ് ഗ്രൗണ്ടിൽ നടക്കും. ത്രോബോൾ അസോസിയേഷന്റെ www.throwballkerala.com വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കുക. ഫെബ്രുവരി നാല്, അഞ്ച് തീയതികളിൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ചാമ്പ്യൻഷിപ്പിനുള്ള ജില്ല ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ: 8590806050.

# ത്രോബോൾ ചാംപ്യൻഷിപ്

കോട്ടയ്ക്കൽ • ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 28ന് ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസ് മൈതാനത്ത് നടക്കും. ത്രോബോൾ അസോസിയേഷന്റെ www.throwballkerala.com എന്ന വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്ത ടീമിനും കളിക്കാർക്കും മാത്രമേ പങ്കെടുക്കാൻ കഴിയൂ. 8590806050.

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

ഏഴാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 28ന് വളാഞ്ചേരി ഇരിമ്പിളിയം എംഇഎസ്എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. ത്രോബോൾ അസോസിയേഷന്റെ www.throwballkerala.com സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കില്ല. ഫെബ്രുവരി 4, 5 തീയതികളിൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ചാമ്പ്യൻഷിപ്പിനുള്ള മലപ്പുറം ജില്ലാ ടീമിനെ ഇതിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ: 8590806050.



*ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ ചുങ്കത്തറ മാർത്തോമ സ്കൂൾ*

മാധ്യമം

## ജില്ല സബ് ജൂനിയർ ത്രോബാൾ

# ചുങ്കത്തറ മാർത്തോമ സ്കൂൾ ചാമ്പ്യന്മാർ

**വളാഞ്ചേരി:** ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമ സ്കൂൾ ജേതാക്കളായി. യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബിനെയാണ് ഇവർ തോൽപിച്ചത്.

വൈരങ്കോട് കെ.എം.എം.എച്ച്.എസ് സ്പോൺസർ ചെയ്ത യാക്കാ സ്പോർട്സ് പെരിന്തൽമണ്ണ മൂന്നാംസ്ഥാനം കരസ്ഥമാക്കി. മികച്ച കളിക്കാരനായി മാർത്തോമ സ്കൂളിലെ ആദിൽ മുഹമ്മദിനെ തിരഞ്ഞെടുത്തു. ചാമ്പ്യൻഷിപ് ഉദ്ഘാടനം ത്രോബാൾ ഒബ്സെർവർ ശ്രീക്കുട്ടൻ നിർവഹിച്ചു. ജില്ല ത്രോബാൾ വൈസ് പ്രസിഡന്റ് വിബിൻ സ്വാഗതവും ജില്ല സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു. സമാപന സമ്മേളനത്തിൽ സംസ്ഥാന ത്രോബാൾ വൈസ്പ്രസിഡന്റ് പി. ദിലീപ് ട്രോഫികൾ വിതരണം ചെയ്തു. ജില്ല ത്രോബാൾ ട്രഷറർ അക്ബർ അലി, സി. അനിൽ, അഫ്‌ല ഷെറിൻ, ദിൽഷാദ്, റിനില എന്നിവർ പങ്കെടുത്തു.